(ഡി) ഈ രണ്ടു മർദ്ദന സംഭവങ്ങളിലും ഉൾപ്പെട്ടവരുടെ പേരിൽ എത്ര കേസുകൾ വീതം ഇപ്പോൾ നിലവിലുണ്ട്;

(ഇ) ഇവരുടെ ഭീഷണിയിൽ നിന്നും കട്ടച്ചൽക്കുഴി ഭാഗത്തുള്ള വർക്ക് സംരക്ഷണം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു. ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിന് കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) ഇതു സംബന്ധിച്ച് ബാലരാമപുരം പി.എ. ക്രൈം നം.219/99 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 18.10.99-ൽ കോടതിയിൽ ചാർജ്ജ് കൊടുത്തിട്ടുണ്ട്.

(സി) സുനോഷ് ഭവനിൽ ഷൺമുഖൻ ഭാര്യ അമ്പിളി എന്നിവരെ ചാരായ വിൽപനക്കാർ വീടു കയറി മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് ബാലരാമപുരം സ്റ്റേഷനിൽ ക്രൈം 36/2000 യു.എസ്.458, 323,324 ആന്റ് 34 ഐ.പി.സി.പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉണ്ണി എന്നു വിളിക്കുന്ന ഷിനു, 2. ബിജു, 3. കൊച്ചുമകൻ, 4. മോഹൻദാസ് എന്നിവരാണ് പ്രതികൾ. ടി പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) ക്രൈം 36/2000-ലെ രണ്ടാം പ്രതിയുടെ പേരിൽ 217/99 നമ്പരായി മറ്റൊരു കേസ്സ് ഉണ്ട്. മറ്റു പ്രതികളുടെ പേരിൽ കേസ്സുകൾ നിലവിലില്ല.

(ഇ) കട്ടച്ചൽക്കുഴി ഭാഗത്ത് പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും വ്യാജവാറ്റു നശിപ്പിച്ചും മറ്റും നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ

76 (1555) ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സി.പി.ഐ. (എം) അതിന്റെ വിദ്യാർത്ഥി യുവജന സംഘടന, തൊഴിലാളി സംഘടന എന്നിവ ഒരു വശത്തും മറുവശത്ത് യഥാക്രമം സി.പി.ഐ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, കേരള കോൺഗ്രസ് (എം) കേരളാകോൺഗ്രസ് (ജേക്കബ്). ആർ.എസ്.പി., എൻ.സി.പി. എന്നീ കക്ഷികളോ അവയുടെ വിദ്യാർത്ഥി യുവജന സംഘടനയോ തൊഴിലാളി സംഘടനയോ മറുവശത്തും ആയി എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) അതിന്റെ ഫലമായി എത്രപേർക്ക് പരിക്കേറ്റു;

(സി) ഈ സംഘട്ടനങ്ങൾ സംബന്ധിച്ചെടുത്ത കേസുകളിൽ എത്ര പ്രതികളുണ്ട്; ഓരോ കക്ഷിയിലോ അതിന്റെ വിദ്യാർത്ഥിയുവജന സംഘടനയിലോ തൊഴിലാളി സംഘടനയിലോ അംഗമായിട്ടുള്ള എത്ര പേർ വീതം ഈ കേസുകളിൽ പ്രതികളാണെന്ന് വ്യക്തമക്കുമോ?

ഉത്തരം

(എ) 1363 സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 1907 പേർക്ക് പരിക്കേറ്റു.

(സി) 10740 പ്രതികൾ ഉണ്ട്. കക്ഷിതിരിച്ചുള്ള പ്രതികളുടെ വിവരം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ. (എം) ഉം അതിന്റെ പോഷക സംഘടനകളും	-	6670
സി.പി.ഐ.യും അതിന്റെ പോഷക സംഘടനകളും	-	511
കോൺഗ്രസ് (ഐ) യും അതിന്റെ പോഷക സംഘടനകളും	-	3545
കേരള കോൺഗ്രസ് (എം) ഉം അതിന്റെ പോഷക സംഘടനകളും	-	10
കേരളാകോൺഗ്രസ് (ജേക്കബ്)ഉം അതിന്റെ പോഷക സംഘടനകളും	-	4

കൂട്ട ആത്മഹത്യകൾ

77 (1558) ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കൂട്ട ആത്മഹത്യകൾ ഉണ്ടായിട്ടുണ്ട്;

(ബി) കൂട്ട ആത്മഹത്യകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ആത്മഹത്യകളിൽ കുടുംബം മുഴുവൻ ആത്മഹത്യ ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) കൂട്ട ആത്മഹത്യകൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) 260 കൂട്ട ആത്മഹത്യകൾ

(ബി)

തിരുവനന്തപുരം	39
കൊല്ലം	34
പത്തനംതിട്ട	9
ആലപ്പുഴ	10
കോട്ടയം	19
ഇടുക്കി	8
എറണാകുളം	26
തൃശ്ശൂർ	29
പാലക്കാട്	20
മലപ്പുറം	6
കോഴിക്കോട്	15
വയനാട്	9
കണ്ണൂർ	27
കാസർഗോഡ്	9
ആകെ	**260**

(സി) 36 സംഭവങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly